# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1453** **10.02.2020 ൽ മറുപടിയ്ക്ക്**

**ചെങ്ങാലിക്കോടൻ വാഴകൃഷിക്ക് നൽകിയ സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഭൗമസൂചിക പദവി ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രവാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ചേലക്കര നിയോജക മണ്ഡലത്തിലെ വാഴ കർഷകർക്ക് എന്തെല്ലാം സാമ്പത്തിക-സാങ്കേതിക സഹായങ്ങളാണ് കൃഷിഭവൻ മുഖേന 2018-19, 2019-20 എന്നീ വർഷങ്ങളിൽ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | എ) ഭൗമസൂചിക പദവി ലഭിച്ച ചെങ്ങാലിക്കോടൻ നേന്ത്രവാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ചേലക്കര നിയോജകമണ്ഡലത്തിലെ മുള്ളൂർക്കര, വരവൂർ എന്നീ കൃഷി ഭവനിലെ വാഴ കർഷകർക്ക് 2018-19 സാമ്പത്തിക വർഷത്തിൽ സ്പെഷ്യൽ അഗ്രിക്കൾച്ചർ സോൺ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വാഴ കൃഷി വ്യാപനത്തിന് ഹെക്ടറിന് 20,000/- രൂപ നിരക്കിൽ 8,30,960/- രൂപയും വിപണന കേന്ദ്രത്തിനായി 2 ലക്ഷം രൂപയും കർഷകർക്ക് പരിശീലനം നൽകുന്നതിനായി 25,000/- രൂപയും നൽകുകയുണ്ടായി. കൂടാതെ 4 പ്രദർശനത്തോട്ടത്തിന് 80,000/- രൂപയും അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനും, പോസ്റ്റ് ഹാർവെസ്റ്റിങ്ങിനുമായി 2 ലക്ഷം രൂപയും നൽകുകയുണ്ടായി.<br><br>സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൻ കീഴിൽ വാഴ കൃഷി വ്യാപനത്തിന് 38.748 ഹെക്ടറിന് 10,17,135/- രൂപ 2018-19 സാമ്പത്തിക വർഷത്തിൽ നൽകുകയുണ്ടായി.<br><br>2019-20 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ചെങ്ങാലിക്കോടൻ വാഴ വിളവിസ്തൃതി വ്യാപനത്തിനായി 22.1856 ഹെക്ടറിന് 5,82,372/- രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**